**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **10-02-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വ്യാവസായികരംഗത്ത് വൻ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുറന്നിടുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തി വ്യാവസായികരംഗത്ത് വൻ വികസനം ലക്ഷ്യമിടുന്ന പുതിയ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 2024 ഡിസംബർ 3 ന് പ്രവർത്തനക്ഷമമാകുകയും ഏറെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ തുറമുഖാധിഷ്ഠിതമായ സേവനങ്ങളുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. കയറ്റുമതി, ഇറക്കുമതി അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്ക് സാദ്ധ്യത വർദ്ധിച്ച സാഹചര്യത്തിൽ ലോജിസ്റ്റിക്സ്മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ധാരാളം സംരംഭകർ താത്പര്യപ്പെടുന്നുണ്ട്.<br><br>ഇത്തരം സംരംഭകരുടെ ആവശ്യങ്ങൾ മനസ്സിലാക്കുവാനും അവർക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി വിഴിഞ്ഞം തുറമുഖ പരിസരത്ത് സർക്കാരിന്റെ സഹായത്തോടുകൂടി കെ.എസ്.ഐ.ഇ., വിഴിഞ്ഞം ഇന്റർനാഷണൽ ലോജിസ്റ്റിക്സ് ഹബ് (വി.ഐ.എൽ.എച്ച്.) സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിവിധ ഇനം കയറ്റുമതി ഇറക്കുമതി ചരക്കുകൾ കൈകാര്യം ചെയ്യാനാവശ്യമായ സൗകര്യങ്ങളോടു കൂടിയ ഒരു വലിയ പദ്ധതിയാണ്. ഇത് ദേശീയ-അന്തർദേശീയ വ്യാപാരത്തിനുള്ള സമഗ്ര സേവനത്തിനായി രൂപകൽപ്പന ചെയ്തിരിക്കുന്നു. അതിനു അനുബന്ധമായി കെ.എസ്.ഐ.ഇ.-യ്ക്ക് ബങ്കറിംഗ് സേവനങ്ങൾ നൽകാനും സാധിക്കും. ഇതിന് ആവശ്യമായിട്ടുള്ള അനുമതികൾ ലഭിച്ചാൽ, ഇന്ധന സംഭരണവും വിതരണവും സംബന്ധിച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാം. കൂടാതെ, കപ്പൽ ചാന്ഡ്‌ലറിംഗ് സേവനങ്ങളും (Ship chandler service) ഹബ് വഴി ലഭ്യമാക്കും. ഇതിൽ ഭക്ഷ്യവസ്തുക്കൾ, ശുചിത്വ സാധനങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ, ലൈഫ് ജാക്കറ്റുകൾ, തീ |

| | | | |
|---|---|---|---|
| | | | അണയ്ക്കുവാനുള്ള ഉപകരണങ്ങൾ, നാവിഗേഷൻ ആശയവിനിമയ ഉപകരണങ്ങൾ, ഡെക്ക്, എഞ്ചിൻ റൂം സപ്ലൈകൾ, റിപ്പെയർ പാർട്സ്, ഇന്ധനം, ലൂബ്രിക്കന്റുകൾ, യാത്രികരുടെ ഗതാഗതം, വിസ, ഇമിഗ്രേഷൻ, കപ്പലിന്റെ പ്രവർത്തനത്തിന് ആവശ്യമായ മറ്റ് സാധനങ്ങൾ എന്നിവയുടെ വിതരണവും ഉൾപ്പെടും. ഇത് കപ്പൽ ഏജന്റുമാരുമായും ഓപ്പറേറ്റർമാരുമായും സഹകരിച്ചാണ് നടപ്പാക്കുക.<br><br>ഇതിനു പുറമെ, ഒഴിഞ്ഞ കണ്ടെയ്നറുകൾ സൂക്ഷിക്കുന്നതിനുള്ള കണ്ടെയ്നർ യാർഡ്, തടി സൂക്ഷിക്കുന്നതിനുള്ള യാർഡ്, സ്റ്റീൽ സ്ക്രാപ്പ് യാർഡ് എന്നിവയ്ക്കായി പ്രത്യേകം സ്ഥലങ്ങൾ ഉണ്ടായിരിക്കും. കൂടാതെ, ട്രക്ക് പാർക്കിംഗ് ഏരിയ, ഡ്രൈവർമാർക്കുള്ള സൗകര്യങ്ങൾ, ട്രക്ക് സർവീസ് സെന്റർ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയ-അന്തർദേശീയ വ്യാപാര ശേഷികൾ ഗണ്യമായി വർദ്ധിക്കാൻ ഉതകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി, 15 ഏക്കറിൽ വിഭാവനം ചെയ്തിരിക്കുന്നത്.<br><br>തിരുവനന്തപുരത്തെ വരാനിരിക്കുന്ന മെട്രോ റെയിൽ പദ്ധതി നഗരത്തെയും വിഴിഞ്ഞം തുറമുഖത്തെയും ഏകോപിപ്പിക്കുന്നതിന് സഹായിക്കും, ഇത് ചരക്കുകളുടെയും യാത്രക്കാരുടെയും വേഗത്തിലുള്ളതും കാര്യക്ഷമവുമായ ഗതാഗതത്തെ സുഗമമാക്കും. വിഴിഞ്ഞം മെട്രോ തുറമുഖവുമായി സംയോജിപ്പിക്കുന്നതിലൂടെ, റോഡ് തിരക്ക് ലഘൂകരിക്കുന്നതിനും നഗര ചരക്ക് ഗതാഗതത്തെ പിന്തുണയ്ക്കുന്നതിനും ഇന്റർമോഡൽ ഗതാഗതത്തെ സുഗമമാക്കുന്നതിനും സഹായിക്കും. ഈ സഹകരണം വ്യാപാരം വർദ്ധിപ്പിക്കുകയും ഗതാഗതക്കുരുക്ക് കുറയ്ക്കുകയും തുറമുഖത്തിനും നഗരത്തിനും സാമ്പത്തിക വളർച്ച പ്രദാനം ചെയ്യുകയും ചെയ്യും.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസന സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് കിൻഫ്ര അവിടെ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി അവരുടെ വെബ് സൈറ്റിൽ പരസ്യം പ്രസിദ്ധീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി നിർദ്ദേശിക്കുന്നതനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. |
| (ബി) | വിഴിഞ്ഞം - കൊല്ലം - പുനലൂർ സാമ്പത്തിക വളർച്ചാ മുനമ്പ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നിക്ഷേപം എത്രയാണ്; ഏതൊക്കെ മേഖലകൾ | (ബി) | കണക്കാക്കിയിട്ടില്ല. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് കയറ്റുമതി ഇറക്കുമതി അധിഷ്ഠിതമായ വ്യവസായ സംരംഭങ്ങൾക്ക് |

| | | | |
|---|---|---|---|
| | കേന്ദ്രീകരിച്ചാണ് വ്യവസായസ്ഥാപനങ്ങൾ നിക്ഷേപം നടത്തുന്നത്; വിശദീകരിക്കുമോ; | | സാദ്ധ്യത വർദ്ധിച്ച സാഹചര്യത്തിൽ ലോജിസ്റ്റിക്സ്മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ധാരാളം സംരംഭകർ താത്പര്യപ്പെടുന്നുണ്ട്. |
| (സി) | തലസ്ഥാനത്തെ നഗര പ്രദേശ വികസന പദ്ധതിയുടെ ഭാഗമായ ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ നിർമ്മാണവുമായി ബന്ധപ്പെട്ട് വ്യാവസായിക രംഗത്ത് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | ഉണ്ട്. തലസ്ഥാന നഗര പ്രദേശ വികസന പദ്ധതിയുടെ ഭാഗമായി കെ.എസ്.ഐ.ഇ. - യുടെ കൈവശമുള്ള തിരുവനന്തപുരത്തെ മുൻ മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനിയുടെ (എം.ഇ.സി.) ഭൂമിയിൽ "സിനെർജി സ്ക്വയർ" എന്ന പേരിൽ പ്രദേശത്തെ പുനരുജ്ജീവിപ്പിക്കുകയും നഗരത്തിന്റെ സാമ്പത്തിക വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ആധുനിക രീതിയിലുള്ള മൾട്ടി ലെവൽ പസ്സിൽ പാർക്കിംഗ് ഉൾപ്പെടുന്ന കൺവെൻഷൻ സെന്ററും, ഓഫീസുകളും, ഗസ്റ്റ് ഹൗസുകളും കൂട്ടിയിണക്കി ബിസിനസിനെ ആകർഷിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന കോംപ്ലക്സ് കെ.എസ്.ഐ.ഇ വിഭാവനം ചെയ്യുന്നുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു. മേൽപ്പറഞ്ഞ ഭൂമിയ്ക്ക് ഉതകുന്ന രീതിയിൽ രൂപകൽപ്പന ചെയ്ത പ്രോജക്ടിന് തിരുവനന്തപുരം കോർപ്പറേഷന്റെയും മറ്റ അധികാരികളുടെയും അനുമതി ഇതിനോടകം ലഭിച്ചിട്ടുണ്ട്. |
| (ഡി) | വിഴിഞ്ഞം തുറമുഖത്തിന്റെ അനന്ത സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിന് വിഴിഞ്ഞം കോൺക്ലേവ് നടത്തിയിരുന്നോ; വിശദീകരിക്കുമോ? | (ഡി) | വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നടത്തപ്പെട്ട ആദ്യത്തെ രാജ്യാന്തര കോൺക്ലേവ് - 'വിഴിഞ്ഞം കോൺക്ലേവ് 2025' ജനുവരി 28, 29 തീയതികളിൽ തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ വെച്ച് നടത്തിയിരുന്നു. ഈ കോൺക്ലേവിൽ തുറമുഖവുമായി ബന്ധപ്പെട്ട സേവനങ്ങളെക്കുറിച്ചും തുറമുഖാധിഷ്ഠിത വ്യവസായങ്ങളെക്കുറിച്ചും അതത് മേഖലയിലെ വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചർച്ചകളും പ്രസന്റേഷനുകളും നടത്തുകയുണ്ടായി. സംരംഭകരുടെ ആവശ്യങ്ങൾ കേൾക്കുവാനും അതിനെ അടിസ്ഥാനപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുവാനുള്ള രൂപരേഖ തയ്യാറാക്കുവാനുള്ള നടപടികൾ വിവിധ വകുപ്പുകൾ മുഖാന്തിരം സ്വീകരിച്ചു വരുന്നുണ്ട്. 300 പ്രതിനിധികളും 50ൽ അധികം നിക്ഷേപകരും പങ്കാളികളായ കോൺക്ലേവ് നടത്തിയതിലൂടെ വിഴിഞ്ഞം പോർട്ടിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്.<br><br>നിരവധി ലോകോത്തര കമ്പനികൾ ഉൾപ്പെടെ പങ്കെടുത്ത കോൺക്ലേവ് കേരളത്തെ, ലോകത്തിലെ ലോജിസ്റ്റിക്സ് & മാരിടൈം മേഖലയിലെ ഹബ്ബാക്കി |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനുള്ള നിർണായക ചുവടുവെപ്പായിരിന്നു. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന് മുന്നോടിയായുള്ള പ്രധാന മുന്നൊരുക്ക പരിപാടികളിലൊന്ന് കൂടിയായിരുന്നു വിഴിഞ്ഞം കോൺക്ലേവ്. |

സെക്ഷൻ ഓഫീസർ